നടപടികൾ നിർത്തിവയ്ക്കൽ ബില്ലിന്റേയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): അതിനെക്കുറിച്ച് പറയാനാണ്. നിങ്ങൾ വഴങ്ങുന്നില്ലെങ്കിൽ പിന്നെ എന്തു ചെയ്യാൻ പറ്റും?

*മി. സ്പീക്കർ*: മുഖ്യമന്ത്രി എന്താണ് പറയുന്നത് എന്ന് കേൾക്കട്ടെ.

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): സർ, പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത് അതുകൊണ്ടു തന്നെയാണ് സാങ്കേതിക കാരണങ്ങൾ ഒന്നും പറയാതെ ഇത് ചർച്ചയ്ക്ക് എടുക്കാനും അത് ചർച്ച ചെയ്യാനും തയ്യാറാണെന്ന് ഗവൺമെന്റ് പറഞ്ഞത്. പക്ഷേ ഒരു കാര്യം മാത്രമേ ഞാൻ പറഞ്ഞുള്ളൂ; അത് ചട്ടങ്ങൾക്ക് വിധേയമായിട്ടായിരിക്കണം. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാൻ ഇല്ല. ഏത് കാര്യവും ചർച്ച ചെയ്യാം. നിങ്ങൾ പറയുന്ന ഏതു കാര്യവും ചർച്ച ചെയ്യാം. ഏത് പ്രശ്നവും നിങ്ങൾ പറയുന്നതു ചർച്ച ചെയ്തിട്ടേ മറ്റ് ഗവൺമെന്റ് കാര്യങ്ങൾ ചർച്ച ചെയ്യൂ എന്ന് പറയാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷേ എന്തും ചട്ടങ്ങൾക്ക് വിധേയമായിരിക്കണം. ഞാൻ 14 ജില്ലകളിലെ ജനസമ്പർക്ക പരിപാടി കഴിഞ്ഞു വരികയാണ്. പാവപ്പെട്ട വരുടെ പ്രശ്നങ്ങൾക്ക് ഇവിടെ നിയമവും ചട്ടവും തടസ്സമാണ്. പട്ടിണിപ്പാവങ്ങളുടെ പ്രശ്നം; ഇവിടെ ഒരു നിസ്സാരകാര്യം ചെയ്യാൻ സാധ്യമല്ല. നമുക്ക് ചട്ടവും നിയമവും ഒന്നും ബാധകമല്ലെന്ന് പറഞ്ഞാൽ അതിനോട് യോജിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഏതു കാര്യവും ചർച്ച ചെയ്യാം. എത്ര മണിക്കൂറുകൾ വേണമെങ്കിലും ചർച്ച ചെയ്യാം. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള സമീപനമാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പക്ഷേ നിർഭാഗ്യവശാൽ ഈ സമീപനം ശരിയല്ല. ഈ നിയമസഭ കൂടിയത് എന്തിനാണ്? ഓർഡിനൻസ് വേണ്ട നിയമസഭ ഇടയ്ക്കിടയ്ക്ക് കൂടണം. അതിന്റെ പേരിലാണ് കൂടാൻ തീരുമാനിച്ചത്. പക്ഷേ നിങ്ങൾ ഈ സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഏതു കാര്യവും ചർച്ച ചെയ്യാം എന്നു പറഞ്ഞിട്ട് സമ്മതിക്കുന്നില്ല. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി യോഗത്തിൽപോലും പങ്കെടുക്കുന്നില്ല. ഇങ്ങനെ വരുമ്പോൾ സാധാരണ എന്താണ് ചെയ്യുക? ഗവൺമെന്റിന്റെ ബിസിനസ്സ് നടത്തിക്കൊണ്ടുപോവുക, ഗവൺമെന്റിന്റെ ബിസിനസ്സ് എങ്ങനെയും നടത്തിക്കൊണ്ടു പോവുക. അങ്ങനെ ഒരു സമീപനം ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കൂടി സഹകരണം വേണമെന്നുതന്നെയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് പ്രതിപക്ഷം സഹകരിക്കാത്ത സാഹചര്യത്തിൽ, ഗവൺമെന്റിന്റെ ബിസിനസ്സ് ബലം പ്രയോഗിച്ച് നടത്തിക്കൊണ്ടുപോകാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഈ ഗവൺമെന്റിന്റെ തുടർന്നുള്ള സഭാ നടപടികൾ നിർത്തിവെച്ച് സഭ അനിശ്ചിത കാലത്തേക്ക് പിരിയണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

*മി. സ്പീക്കർ*: ഗവൺമെന്റ് ബിസിനസ്സുകൾ ഒന്നും ഇല്ല എന്നു പറഞ്ഞ സാഹചര്യത്തിൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(സഭ രാവിലെ 11.43-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

**SECRETARIAT OF THE KERALA LEGISLATURE**

NOTIFICATION

No. 685/Table 1/2004/Leg. *Dated, Thiruvananthapuram, 6th December, 2004.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Tenth Session of the Eleventh Kerala Legislative Assembly with effect from December 1, 2004 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനൊന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2004 ഡിസംബർ 1-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

DR. M. C. VALSON,
*Secretary,*
*Legislative Assembly.*

LIBRARY ARCHIVES Kerala Legislative Assembly